## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5697** — **08-07-2024 - ൽ മറുപടിയ്ക്ക്**

## കുട്ടനാട്ടിലെ പി.എച്ച്.സി.കളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പി.എച്ച്.സി.കളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ കഴിയുന്ന തരത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ആവശ്യത്തിന് ജീവനക്കാരെയും മരുന്നുകളും ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | കുട്ടനാട്ടിൽ തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തെ അതിജീവിക്കുന്നതിനായി നിലവിലുള്ള ഗ്രൗണ്ട് ലെവലിൽ നിന്നും നാലടി ഉയരത്തിലാണ് കെട്ടിടത്തിന്റെ ഫ്ലോർ ലെവൽ സെറ്റ് ചെയ്യുന്നത്. റാമ്പ് വഴി അകത്തേയ്ക്ക് കയറുന്നതിനുള്ള സംവിധാനവും ഉണ്ട്.<br><br>ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട് നിയോജകമണ്ഡലം പരിധിയിൽ വരുന്ന വീയപുരം, രാമങ്കരി, തലവടി, കാവാലം, തകഴി, നീലംപേരൂർ ആരോഗ്യകേന്ദ്രങ്ങളിൽ ഒരു മെഡിക്കൽ ഓഫീസറിനെയും ഒരു നഴ്സിംഗ് ഓഫീസറിനെയും ആരോഗ്യവകുപ്പ് അധികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ അതാത് തദ്ദേശസ്ഥാപനങ്ങൾക്ക് ഒരു മെഡിക്കൽ ഓഫീസറിനെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ നിലവിൽ സർക്കാർ ഉത്തരവ് ഉണ്ട്. അതിൻ പ്രകാരം സി.എച്ച്.സി ചമ്പക്കുളത്ത് ഒരു മെഡിക്കൽ ഓഫീസർ, 2 നഴ്സിംഗ് ഓഫീസർ, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്ക്നീഷ്യൻ, എഫ്.എച്ച്.സി വീയപുരത്ത് ഒരു നഴ്സിംഗ് ഓഫീസർ, എഫ്.എച്ച്.സി തകഴിയിൽ ഒരു ലാബ് ടെക്നീഷ്യൻ, പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ ഒരു ഡ്രൈവർ, ഒരു ക്ലീനിംഗ് സ്റ്റാഫ്, ഒരു ആർ. ഒ പ്ലാൻറ് ഓപ്പറേറ്റർ, ഒരു നൈറ്റ് വാച്ചർ എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഉള്ള ആരോഗ്യ സ്ഥാപനങ്ങളിലേക്കായി എൻ.എച്ച്.എം മുഖേനയും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ കെ.എം.എസ്.സി.എൽ വഴി മുടക്കം കൂടാതെ ലഭ്യമാക്കി വിതരണം ചെയ്യുന്നുണ്ട്. കെ.എം.എസ്.സി.എലിൽ ലഭ്യമല്ലാത്ത മരുന്ന് ലോക്കൽ പർച്ചേയ്സ് വഴി വാങ്ങി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തുക | നിർമ്മാണ പുരോഗതി |
|---|---|---|---|
| 1. | കുടുംബാരോഗ്യ കേന്ദ്രം, വീയപുരം | 36.50 ലക്ഷം | നിർമ്മാണം പൂർത്തീകരിച്ചു |
| 2. | കുടുംബാരോഗ്യ കേന്ദ്രം, രാമങ്കരി | 27.10 ലക്ഷം | നിർമ്മാണം പൂർത്തീകരിച്ചു |
| 3. | കുടുംബാരോഗ്യ കേന്ദ്രം, തലവടി | 20.30 ലക്ഷം | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 4. | കുടുംബാരോഗ്യ കേന്ദ്രം, കാവാലം | 56.5 ലക്ഷം | പുരോഗമിക്കുന്നു. |
| 5. | കുടുംബാരോഗ്യ കേന്ദ്രം, തകഴി | 300 ലക്ഷം | നിർമ്മാണം പുരോഗമിക്കുന്നു |
| 6. | കുടുംബാരോഗ്യ കേന്ദ്രം, നീലംപേരൂർ | 230 ലക്ഷം | നിർമ്മാണം പുരോഗമിക്കുന്നു. |
| 7. | പ്രാഥമികാരോഗ്യ കേന്ദ്രം, മുട്ടാർ | 15.50 ലക്ഷം | നിലവിലുള്ള കെട്ടിടം അൺഫിറ്റ് ആയതിനാൽ നവീകരണ പ്രവർത്തനം നടത്തുവാൻ സാധിച്ചിരുന്നില്ല. നിലവിൽ പുതിയ കെട്ടിടത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| 8. | പി എച്ച് സി, കുപ്പപ്പുറം | 14 ലക്ഷം | വെള്ളപ്പൊക്ക ബാധിതമായി കെട്ടിടം അൺഫിറ്റ് ആയതിനാൽ നവീകരണ പ്രവർത്തനം നടത്തുവാൻ സാധിച്ചിരുന്നില്ല. നിലവിൽ പുതിയ കെട്ടിടത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. |
| 9. | സി എച്ച് സി, ചമ്പക്കുളം | 58 ലക്ഷം | ചമ്പക്കുളം ഒ.പി ബ്ലോക്കിന്റെ റിട്രോഫിറ്റിംഗ് നിർമ്മാണം പുരോഗമിക്കുന്നു. |
| 10. | സി എച്ച് സി, വെളിയനാട് | 38 ലക്ഷം | വെള്ളപ്പൊക്ക ബാധിതമായി കെട്ടിടം അൺഫിറ്റ് ആയതിനാൽ നവീകരണ പ്രവർത്തനം നടത്തുവാൻ സാധിച്ചിരുന്നില്ല. നിലവിൽ പുതിയ കെട്ടിടത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 575 ലക്ഷം അനുവദിച്ചിട്ടുണ്ട്. നിർമ്മാണത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 11. | താലൂക്ക് ആസ്ഥാന ആശുപത്രി, പുളിങ്കുന്ന് | 144.06 കോടി | പുതിയ ബഹു നില കെട്ടിടം, ആയതിന്റെ ഉപകരണങ്ങൾ, ഫർണീച്ചറുകൾ തുടങ്ങിയവയ്ക്കായി സംസ്ഥാന സർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

Shaila. M

സെക്ഷൻ ഓഫീസർ